**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2522** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ,എയ്ഡഡ് വിഭാഗത്തിലായി എത്ര പഠിതാക്കളുണ്ടെന്നും അവർക്ക് കാലാകാലങ്ങളിൽ പാഠപുസ്തകം നൽകിയതുപോലെ, ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്കൂളുകളിൽ 1266839, എയ്ഡഡ് സ്കൂളുകളിൽ 2243328 എന്നിങ്ങനെ ആകെ 3510167 (പ്രൊവിഷണൽ) കുട്ടികളാണ് പഠിക്കുന്നത്. ആദിവാസി മേഖല, മറ്റ് പിന്നോക്കാവസ്ഥയുള്ള പ്രദേശങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിൽ ഡിജിറ്റൽ ഉപകരണങ്ങളുടേയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./ എസ്.എം.സി. തുടങ്ങിയവരുടെ സഹായത്തോടെ ഒരു ലക്ഷത്തിൽപരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടേയും, പി.റ്റി.എ.യുടേയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് ജൂലൈ 22 ഓടെ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ഇതിനായുള്ള ജനകീയ പ്രചരണം, ഉപകരണങ്ങൾ ആവശ്യമായ കുട്ടികളെ കണ്ടെത്തൽ, അവർക്ക് ഉപകരണം ഉറപ്പുവരുത്താനുള്ള ഫണ്ട് ശേഖരണം, ആദിവാസി മേഖലയ്ക്കും മറ്റ് പിന്നോക്കാവസ്ഥയുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകി ഉപകരണങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ഈ സർക്കാർ സ്വീകരിച്ച | (ബി) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്കൂളുകളിൽ 1266839, എയ്ഡഡ് സ്കൂളുകളിൽ 2243328 എന്നിങ്ങനെ ആകെ 3510167 (പ്രൊവിഷണൽ) കുട്ടികളാണ് പഠിക്കുന്നത്. ആദിവാസി മേഖല, മറ്റ് പിന്നോക്കാവസ്ഥയുള്ള പ്രദേശങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിൽ |

| | | | |
|---|---|---|---|
| | വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | | ഡിജിറ്റൽ ഉപകരണങ്ങളുടേയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./ എസ്.എം.സി. തുടങ്ങിയവരുടെ സഹായത്തോടെ ഒരു ലക്ഷത്തിൽപരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടേയും, പി.റ്റി.എ.യുടേയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് ജൂലൈ 22 ഓടെ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ